# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി5-1261/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്
.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി5-1261/25 തീയ്യതി: 29/11/2025

# പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 30-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്കുമാർ ജി. | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 30-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 30-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ചന്ദ്രശേഖരൻ ജി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽ കുമാർ പി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അഖിൽ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശശിധരൻപിള്ള കെ.ബി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ബിന്നി ജോർജ്ജ് | സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീ കെ സന്തോഷ് കുമാർ | സെക്രട്ടറി | 19-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 09-09-2024 |
| ശ്രീമതി ശ്രീകല ഡി | അസിസ്റ്റന്റ് സെക്രട്ടറി | 10-09-2024 | 31-03-2025 |
| ശ്രീമതി സന്ധ്യമോൾ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഓതറ) | 01-04-2024 | 05-02-2025 |
| ശ്രീ രാജേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഓതറ) | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രിൻസി പി സി (അഡീഷണൽ ചാർജ് ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഓതറ) | 06-02-2025 | 31-03-2025 |
| ഡോ. സതീഷ് കുമാർ പി.എസ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി മഞ്ജുഷ എൻ.എസ്. | കൃഷി ഓഫീസർ | 01-04-2024 | 10-12-2024 |

| | | | |
|---|---|---|---|
| ശ്രീമതി സ്വാതി ഉല്ലാസ് | കൃഷി ഓഫീസർ | 11-12-2024 | 31-03-2025 |
| ശ്രീമതി സിന്ധു എലിസബത്ത് ബാബു | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ഡോ രജിത റ്റി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ശിൽപ്പ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ രാഗി കെ പ്രസാദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി ടിന ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 16-12-2024 |
| ശ്രീമതി ദീപ കെ (അഡിഷണൽ ചാർജ് ) | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2024 | 22-12-2024 |
| ശ്രീ അരുൺ കുമാർ ആർ (അഡിഷണൽ ചാർജ് ) | അസിസ്റ്റന്റ് എഞ്ചിനീയർ | 22-12-2024 | 31-03-2025 |
| ഡോ റ്റിജു ജി സക്കറിയ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| ശ്രീമതി ജ്യോതി ജയറാം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-08-2024 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | Secured Loan From KURDFC നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | Government & Other Dues Payable ഹെഡിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-6 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പെൻഷൻ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | രസീത് വരവുകൾ കൃത്യമായി പരിശോധിക്കപ്പെടുന്നില്ല | 1-11 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല | 1-12 |
| 20 | തനത് വരുമാനം പലിശ രഹിത അക്കൗണ്ടിൽ - പലിശ ഇനത്തിൽ വരുമാന നഷ്ടം | 1-13 |
| 21 | കെട്ടിട നിർമ്മാണ പെർമിറ്റ് -അനുമതി നൽകിയതിലധികം മണ്ണ് നീക്കം ചെയ്തു | 1-14 |
| 22 | കാർഷിക ഉല്പന്ന വിപണന സംവിധാനത്തിനു സഹായം -കരാർ വ്യവസ്ഥകൾ തയ്യാറാക്കിയതിൽ ന്യൂനതകൾ | 1-15 |
| 23 | പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 24 | കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-17 |
| 25 | ലൈഫ് ഭവന പദ്ധതി - ധനസഹായം നൽകുന്നതിന്റെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല | 1-18 |
| 26 | കണ്ടിജന്റ് ചെലവുകൾ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 1-19 |

| | | |
|---|---|---|
| 27 | ആട്, കോഴി, എരുമ വിതരണം - പദ്ധതി നിർവ്വഹണത്തിൽ സുതാര്യതയില്ല | 1-20 |
| 28 | സർക്കാരിലേക്കുള്ള ബാധ്യതത്തുകകൾ തിരികെ ഒടുക്കിയിട്ടില്ല | 1-21 |
| 29 | ഉപയാഗത്തില്ലില്ലാത്ത തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു | 1-22 |
| 30 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- പൂർത്തീകരണ വിവരം ലഭ്യമല്ല | 1-23 |
| 31 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-24 |
| 32 | അഗതി രഹിത കേരളം - പദ്ധതി പ്രവർത്തനങ്ങൾ നിശ്ചലം | 1-25 |
| 33 | പത്രപ്പരസ്യം- സർക്കാർ നിർദ്ദേശം പാലിക്കാത്തതു മൂലം അധികച്ചെലവ് | 1-26 |
| 34 | ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-27 |
| 35 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-28 |
| 36 | ജൽ ജീവൻ പദ്ധതി - അവലോകനം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർ കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉ പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31-05-2025-ലെ 4-ാം നമ്പ പ്രകാരം തയ്യാറാക്കി 16-06-2025-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കു സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിലൂ ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദ

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടു സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരി ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെ പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്ക എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലു വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എന മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനു എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ച് ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരവിപേരൂർ ഗ്രാമപഞ്ച വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കു നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

6

**പത്തനംതിട്ട**
**29/11/2025**

## 1-1-2 Secured Loan From KURDFC നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്ന

ഷെഡ്യൂൾ ബി-5- Secured Loan From KURDFC (330500202) വാർഷിക കണക്കുകൾ പ്രകാരമുള്ള 13351607 രൂപ ആണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ബാലൻസ് തുക 10388827 രൂപ ആണ്

## 1-1-3 Government & Other Dues Payable ഹെഡിൽ ബാധ്യതയായി രേഖപ്പെ തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-9: Government & Other Dues Payable (350300199)- ഹെഡിൽ ബാധ്യതയായി രേ തുകയായ 26614 രൂപയ്ക്ക് കൃത്യതയില്ല. 2015 മുതലുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

സ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് 26-07-2011-ലെ ജി.ഒ.(എം.എസ്.)152/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ നിർദ്ദേശ പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷ

## 1-1-5 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്ന

ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല. അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽ തന്നെ രേഖപ്പെടുത്തേണ്ട മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് 30-09-2024, 31-03-2025 എന്നീ തീയതികള് വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്).

## 1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ Net Increase In Cash And C രേഖപ്പെടുത്തിയിരിക്കുന്നത് 12037881 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ Net Cash Activities +Investing Activities + Financing Activities ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15223494 രൂ

## 1-1-7 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നി

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ ആകെ ചെലവ് തുക വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകയുമായി പൊരുത്ത

## 1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 12.02.2024-ലെ 1(1)-ാം നമ്പർ തീരുമാന പ്ര 8975209 രൂപ മുന്നിരിപ്പും 25112000 രൂപ വരവും 25107800 രൂപ ചെലവും 9009209 രൂപ ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്. 11.03.2025-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പ വാങ്ങിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 24,584,223 | -- |
| ഓഡിറ്റ് വർഷത്തെ വരവ് | 68294739 | -- |
| ആകെ വരവ് | 92878962 | 166,916,386 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 56256858 | 159,321,086 |
| നീക്കിയിരിപ്പ് | 36622104 | -- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീ |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 19697030 | 19697030 | 19028105 | |
| വികസന ഫണ്ട് - എസ്.സി.പി | 0 | 10954000 | 10954000 | 10181788 | |
| വികസന ഫണ്ട് – റ്റി.എസ്.പി | 0 | 122970 | 122970 | 122000 | |
| *ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക് | 45,11,343 | 7555500 | 12066843 | 2826429 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 1528333 | 1528333 | 880700 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ബാങ്ക് | 2651657<br>പലിശ | 3319362<br>328669 | 6299688 | 2055080 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ട്രഷറി | 0 | 133352 | 133352 | 0 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 1662047 | 1662047 | 853504 | |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ -റോഡ് | 0 | 8533000 | 8533000 | 4882154 | |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |

| | | | | |
|---|---|---|---|---|
| ലൈഫ് – സംസ്ഥാനം വിഹിതം | 5,20,000 | 700000 | 1220000 | 630000 |
| ശുചിത്വ മിഷൻ | 7,400 | 0 | 7,400 | 7,400 |
| വിമുക്തി | 44,970 | 0 | 44,970 | 44,970 |
| സാക്ഷരത | 2,569 | 0 | 2,569 | 0 |
| ലൈബ്രറി ഗ്രാന്റ് | 324 | 14380 | 14704 | 14385 |
| ബയോ ഡൈവേഴ്സിറ്റി | 5,91,430 | 16477 (പലിശ) | 607907 | 100000 |
| ഐ.സി.ഡി.എസ്. | 20,49,010 | 1625367 | 3674377 | 178663 |
| എസ്.എസ്.എ. | 1,96,678 | 5619 | 202297 | 0 |
| പൈക്ക | 5,57,544 | 15175 (പലിശ) | 572719 | 0 |
| ഹെൽത്ത് ഗ്രാന്റ് കുടുംബാരോഗ്യകേന്ദ്രത്തിനും ഉപകേന്ദ്രങ്ങളിലും കെട്ടിടം നിർമ്മിക്കൽ. | 2797392 | 77934 (പലിശ) | 2875326 | 0 |
| ഹെൽത്ത് ഗ്രാന്റ് ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 160243 | 609323 | 769566 | 150620 |
| ഹെൽത്ത് ഗ്രാന്റ് ഹെൽത്ത് വെൽനെസ്സ് സെന്ററുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1097130 | 407473 | 1504603 | 341963 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 336000 | 336000 | 336000 |
| എൻ.എച്ച്.എം. | 5,00,000 | 0 | 5,00,000 | 499067 |
| സ്ലോട്ടർ ഹൗസ് | 41,94,000 | 0 | 41,94,000 | 41,93500 |

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ**

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ ടൈഡ്) ഉ ചെലവ് തുക, സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്ത വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3707129 | 3460720 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 2010276 | 2301489 |

2. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, ഫണ്ടിനങ്ങളുടെ സ്രോതസ്സിൽ കുറവ് (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 886085 |
| | അങ്കണവാടി അധിക വേതനം | 1182600 |
| വികസന ഫണ്ട് (എസ്.സി.പി) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 286827 |

സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെട ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക ആണ്. (ഉദാ. വികസന ഫണ്ട് - ജനറൽ).

## 1-5 പദ്ധതി അവലോകനം

**1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | പൂർത്ത് പ്രോജക്ടു ശതമ |
|---|---|---|---|---|---|
| 242 | 174905323 | 168 | 72742069 | 0 | 69.4 |

## 2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെല |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 4 | 4 | 1216704 | 1 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 17 | 15 | 6772547 | 4 |
| കൃഷി ഓഫീസർ | 21 | 20 | 7523368 | 5 |
| സെക്രട്ടറി | 34 | 18 | 10978412 | 6 |
| വെറ്ററിനറി സർജൻ | 13 | 13 | 3444979 | 2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 20 | 69119608 | 18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19 | 16 | 6308572 | 3 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2040000 | |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 8 | 3462000 | 2 |
| ഹെഡ്മാസ്റ്റർ ഗവ. യു. പി. സ്കൂൾ | 7 | 7 | 3599412 | 2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 86 | 43 | 56434209 | 24 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 100000 | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1550000 | |
| **ആകെ** | **242** | **168** | **174905323** | **72** |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4070 | 1416271 | 1420341 | 964470 | 4558 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15389541 | 15389541 | 15389541 | |
| **ആകെ** | 4070 | 16805812 | 16809882 | 16354011 | 4558 |

## 1-7 ക്ഷേമ പെൻഷൻ

| പെൻഷൻ ഇനം | ചെലവ് |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 39,674,400 |
| വിധവാ പെൻഷൻ | 12,038,400 |
| കർഷക തൊഴിലാളി പെൻഷൻ | 2,182,800 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 4,070,100 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 444,600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരി പി.എം ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന തുകയായ 7906/-(ഏഴായിരത്തി തൊള്ളായിരത്തി ആറ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തി നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് ക്ലോസ് ചെയ്യുന്നതിൽ ചട്ടങ്ങൾ പ്രകാരമ

പാലിക്കുന്നില്ല.

2) പഞ്ചായത്തിന്‌റെ പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉ ലിസ്റ്റ് കാലികമാക്കാൻ സാധിച്ചിട്ടില്ല.

3) ഔട്ട് ഡോർ കളക്ഷനു നൽകുന്ന രശീതു ബുക്കുകൾ ഉപയോഗിച്ചു കളക്ട് ചെയ്യുന്ന രജിസ്റ്ററിൽ ചേർക്കുന്നതിലും, രജിസ്റ്ററുകളുടെ മേൽ പരിശോധന നടത്തുന്നതിലും വീഴ്

4) നികുതി വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിലും കുടിശ്ശികകാർക്കെ സ്വീകരിക്കുന്നതിലും മികച്ച പ്രവർത്തനം നടത്തി.

5) ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. മികച്ച അടിസ ഒരുക്കുന്നതിനു സാധിച്ചിട്ടുണ്ട്.

6) പദ്ധതികളുടെ നിർവ്വഹണത്തിലും ഫണ്ടുകൾ ചെലവഴിക്കുന്നതിലും കാര്യക്ഷമത പു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‌റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്‌റെ ഓഡിറ്റ് | 12.12.2012 മുതൽ 26.12.2012 വരെ | 2007-08 മുതൽ 2011-12 വരെ | 24.03.2013 |

## 1-11 രസീത് വരവുകൾ കൃത്യമായി പരിശോധിക്കപ്പെടുന്നില്ല

ഔട്ട് ഡോർ കളക്ഷനു വേണ്ടി രസീത് ബുക്കുകൾ നല്കിയിട്ടുണ്ട്. രസീത് പ്രകാരമുള്ള ( ചെയ്യുന്നതിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 24 നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കളക്ഷൻ തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്ത മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല. യാസിൻ കുഞ്ഞ്, ക്ലാർക്കിനു ഔട്ട്ഡോർ കളക രസീത് ബുക്ക് നം 6557, 6560, 33756, 33759 എന്നിവയിലെ കളക്ഷൻ തുകകൾ ക രേഖപ്പെടുത്തുകയോ കൃത്യത ഉറപ്പാക്കുകയോ ചെയ്തിരുന്നില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് കളക്ഷൻ രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് പ്രകാരമുള്ള പിരിവുകളിൽ കൃത്യമായ മേൽ നോട്ടം ഉറപ്പാക്കേണ്ടതും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 ട്രേഡ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത കാലികമാക്കിയിട്ടില്ല. ട്രേഡ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, പഞ്ചായത്ത് ‹

സ്ഥാപനങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള വ്യത്യാസം ചുവടെ പട്ടികയിൽ ചേർക്കുന്നു

| വാർഡ് നം. | ട്രേഡ്ഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ | പഞ്ചായത്ത് ലൈസൻസ് നല്കിയ സ്ഥാപനങ്ങൾ |
|---|---|---|
| 1 | 33 | 47 |
| 2 | 45 | 55 |
| 3 | 56 | 39 |
| 4 | 22 | 74 |
| 5 | 16 | 45 |
| 6 | 15 | 25 |
| 7 | 18 | 40 |
| 8 | 15 | 21 |
| 9 | 11 | 34 |
| 10 | 11 | 16 |
| 11 | 17 | 81 |
| 12 | 19 | 24 |
| 13 | 12 | 21 |
| 14 | 21 | 25 |
| 15 | 19 | 24 |
| 16 | 24 | 33 |
| 17 | 32 | 59 |
| ആകെ | 386 | 663 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരം ഉൾപ്പെ
കാലികമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തനത് വരുമാനം പലിശ രഹിത അക്കൗണ്ടിൽ - പലിശ ഇനത്ത നഷ്ടം

ഗ്രാമപ്പഞ്ചായത്തിലെ വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ഇരവിപേരൂർ ബ്രാഞ്ചിൽ 37165290776 നമ്പർ ഇ-പേയ്മെന്റ് അക്കൗണ്ട് നിലവിലുണ്ട്. 2025 അക്കൗണ്ടിൽ 4877864.77 രൂപ ബാലൻസ് ഉണ്ട്. ഇതു കറന്റ് അക്കൗണ്ടായതിനാൽ പലിശ ലഭിക്കുന്നതല്ല. കറന്റ് അക്കൗണ്ടിൽ ഉള്ള തുക യഥാസമയം തനത് ഫണ്ട് അക്കൗ ഇടാത്തത് മൂലം പലിശ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് ഓ 26/29-10-2025) നല്കിയിരുന്നു. മറുപടിയായി, 2024-25 സാമ്പത്തിക വർഷം, 15.05.2024-ൽ 2500000 4400000 രൂപയും ഈ പേയ്മെന്റ് അക്കൗണ്ടിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേ അറിയിച്ചു. മാർച്ച് മാസത്തെ പദ്ധതി സംബന്ധമായ തിരക്കും ILGMS ൽ നിന്ന് വെയറിലേക്ക് മാറുന്നതുമായി ബന്ധപ്പെട്ട തിരക്കും കാരണമാണ് ഈ പേയ്മെന്റ് അക്ക തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാൻ സാധിക്കാതിരുന്നതെന്നും മറുപടി ഇടവേളകളിൽ ഇ-പേയ്മെന്റ് അക്കൗണ്ടിലുള്ള തുക തനത് ഫണ്ട് അക്കൗണ്ടി ഇനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് -അനുമതി നൽകിയതിലധികം മ ചെയ്തു

കെട്ടിട നിർമ്മാണ പെർമിറ്റിനൊപ്പം, പ്ലോട്ടിൽനിന്ന് മണ്ണ് മാറ്റുന്നതിന് 2023ലെ കേര കൺസെഷൻ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം മൂവ്മെന്റ് പെർമിറ്റും മിനറൽ ട്രാൻസ ശ്രീ.ജസ്റ്റസ് ജോസ്, പുറത്തയിൽ, ഇരവിപേരൂർ എന്ന വ്യക്തി, അനുവദനീയമായതിലധി പെർമിറ്റ് കാലാവധി ഒരു വർഷം പിന്നിട്ടിട്ടുണ്ടെങ്കിലും ഇദ്ദേഹം നാളിതുവരെ നി ഒന്നുംതന്നെ നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവ് | അടച്ച റോയൽറ്റിത്തുക (രൂപ) | പെർമിറ്റ് നം.& തീയതി |
|---|---|---|---|
| ശ്രീ.ജസ്റ്റസ് ജോസ്, പുറത്തയിൽ, ഇരവിപേരൂർ | 332.69ക്യുബിക് മീറ്റർ(665.38ടൺ) | 26616 | SC1-3389/2024 07.08.2024 |

**അധികം മണ്ണ് നീക്കം ചെയ്തു - പിഴത്തുക കണക്കാക്കിയതിൽ പിഴവ്**

റീസർവ്വേ നം.321/4ൽ ഉൾപ്പെട്ട27ആർ 20ച.മീറ്റർ ഭൂമിയിൽ, നിർദ്ദിഷ്ട കെട്ടിടത്ത് ചട്ടപ്രകാരം ആവശ്യമായ തുറസ്സായ സ്ഥലത്തുനിന്നും മാത്രമായി 2.22 ആർ വിസ്തൃതിയുള്ള ക്യുബിക് മീറ്റർ മണ്ണെടുത്തു മാറ്റുന്നതിനാണ് പഞ്ചായത്ത് അനുമതി നൽകിയിരുന്ന പുറമേ, അനുമതി നൽകിയിട്ടില്ലാത്ത ഭാഗത്തുനിന്ന് മണ്ണെടുത്ത വിവരം പഞ്ചായ വിഭാഗം ഓവർസിയർ 12.08.2024 ൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 21mx30m ഏരിയയിലെ അധികമായി നീക്കം ചെയ്തിട്ടുള്ളത്. പെർമിറ്റഡ് ഏരിയയിൽ അധികമായോ, പെർമ അളവിൽ അധികമായോ മണ്ണ് നീക്കം ചെയ്താൽ, അധികം മാറ്റിയ മണ്ണിനു ബാധകമായ റേ മടങ്ങ് വരുന്ന തുക ചട്ടം 14(8) പ്രകാരം ഇവരിൽനിന്ന് ഈടാക്കേണ്ടതാണ്. എന്നാൽ അ മണ്ണ് നീക്കം ചെയ്തു എന്ന് കണക്കാക്കി പിഴ നിശ്ചയിക്കുന്നതിനു പകരം, അടച്ച റോയൽറ്റ തുകയായ 133080രൂപ പിഴയായി ഒടുക്കാൻ നോട്ടീസ് നൽകുകയാണ് ചെയ്തിട്ടുള്ളത്. നടപടിയാണ്.

**കെട്ടിട നിർമ്മാണം ആരംഭിച്ചില്ല- ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല**

പെർമിറ്റെടുക്കുന്ന വ്യക്തികൾ പെർമിറ്റ് തീയതിക്കുശേഷം ഒരു വർഷത്തിനുള്ളി ബേസ്മെന്റ് നിർമ്മിക്കാത്ത പക്ഷം, അവർ റോയൽറ്റിയായി അടച്ച തുകയുടെ അഞ്ചി ഈടാക്കേണ്ടതാണെന്ന് ചട്ടം 14(7) നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം പിഴത്തുകയായി ര ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ട

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. 2023ലെ കേരള മൈനർ മിനറൽ കൺസെഷൻ ( നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതും, അതു പ്രകാരമുള്ള നടപ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 കാർഷിക ഉല്പന്ന വിപണന സംവിധാനത്തിനു സഹായം -കര വ്യവസ്ഥകൾ തയ്യാറാക്കിയതിൽ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് നം. | 118/25 |
| അടങ്കൽ | 600500 (വികസന ഫണ്ട് – ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| ചെലവ് | 1) ബിൽ നം. 4/2024-25 തീയതി 23.09.24 262921/-<br>2) ബിൽ നം. 13/2024-25 തീയതി 08.01.25 337579/- |

പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ/മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്ര ലെറ്റ്) കെട്ടിട നിർമ്മാണം ഒഴികെയുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിനു 50% സബ്സി കർഷക ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്കു നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടു കൈമാറിയ 6,00,500 രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ ഫിനിഷിംഗ് ജോലികൾ, അടി ഒരുക്കൽ എന്നിവ നിർവ്വഹിച്ചിട്ടുണ്ട്.

ഇരവിപേരൂർ പടിക്കലെ മണ്ണിൽ വീട്ടിൽ ശ്രീ. ബിജു എം. വർഗീസിന്റെ ഉടമസ്ഥ വില്ലേജിൽ ബ്ലോക്ക് നം. 12-ൽ റീ സർവ്വേ 5/2, 5/6-ൽ പ്പെട്ട 5.85 ആർസ് സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളത്. അഗ്രി സേഫ് പ്രീമിയം ഔട്ട് ലെറ്റ്, ഇരവിപേരൂർ വില്ലേജ് മാർക്കറ്റ്, കഫെ, കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് സെന്റർ, റീഫർ വാൻ ഷെഡ് എന്നിവ അടങ്ങ സ്ഥലത്ത് ആരംഭിക്കുന്നതിനു കൃഷി ഓഫീസർ, വസ്തുവിന്റെ ഉടമസ്ഥനായ ശ്രീ. എന്നിവർ 06.02.2024-ൽ കരാറിൽ എർപ്പെട്ടിട്ടുണ്ട്. കരാറിന്റെ കാലാവധി 0 വർഷത്തേക്കാണെന്ന് കരാർ വ്യവസ്ഥയിലെ ക്രമ നം. 5-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവധി പൂർത്തീകരിക്കുന്ന പക്ഷം കരാർ പുതുക്കി നൽകുകയോ അല്ലാത്ത പക്ഷം ജംഗമ വസ്തുക്കൾ ഉൾപ്പെടെയുള്ളവ മറ്റൊരു ഉചിതമായ സ്ഥലത്തേയ്ക്കു മാറ്റി സ്ഥാപി ഉടമയ്ക്കു വിട്ടു നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പ്, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കർഷക ഗ്രൂപ്പ് എന്നീ സ്രോതസ്സ ലക്ഷം രൂപ സംരംഭങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. മണ്ണ് ഫില്ലിംഗ്, കെട്ടിട നിർമ്മാ സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായാണ് വിവിധ സ്രോതസ്സുകളിൽ നിന്നും വിവി തുക ചെലവഴിച്ചിട്ടുള്ളത്. കെട്ടിടം ഉൾപ്പെടെയുള്ള സ്ഥിരം ആസ്തികൾക്കു വേണ്ടിയാണ് പങ്കും നടത്തിയിട്ടുള്ളത്. ഇക്കാരണത്താൽ വസ്തുവിന്റെ ഉടമയുമായുള്ള എഗ്രി വർഷമായി പരിമിതപ്പെടുത്തിയത് തെറ്റായ നടപടിയാണ്. കരാർ തുടരാത്ത ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ മാറ്റി സ്ഥാപിക്കുന്നത് അപ്രായോഗികമാണ്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (എൻക്വയറി നം.23/29.1 വസ്തുവിന്റെ ഉടമയുമായി ധാരണയിലെത്തി, കരാർ കാലയളവ് ദീർഘിപ്പിക്കു സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. വിഷയത്തിൽ അ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേ

## 1-16 പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന്റെ നഷ്ടോത്തരവാദിത നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | 35/24, 185/25 മതിയൻചിറ കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ് - 10 |
| അടങ്കൽ | 10,00,000 |
| ഫണ്ട് | വികസനഫണ്ട് (എസ്.സി.പി.) |
| കരാറുകാരൻ | ശ്രീ.ബിജു മാത്യു |
| കരാർ നം. | 04/AE/LSGD/EVPR/2023-24 തീയതി - 02.02.2024 |
| ചെലവ് | 509393 |
| ബിൽ നം., തീയതി | 436/25.03.2025 |

'മതിയൻചിറ കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ്-10' എന്ന പ്രവൃത്തി പാ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നിർമ്മാണം പൂർത്തീകരിച്ചില്ല. ന ഈടാക്കിയിട്ടുമില്ല.

വികസനഫണ്ട് (എസ്.സി.പി.) പത്തുലക്ഷം രൂപ അടങ്കൽ വകയിരുത്തി 2023-24-ൽ പ്രസ്തുത പ്രോജക്ട് (35/2024). പ്രവൃത്തി ടെണ്ടർ ചെയ്തതിൽ, കുറഞ്ഞ നിരക്ക് (912878 രൂപ) ക്വോ മാത്യു എന്ന കരാറുകാരനുമായി 02.02.2024-ൽ അസി.എഞ്ചിനീയർ കരാറിലേർപ്പെട്ടു. കരാർ കാലാവധി. 12.02.2024-ൽ സൈറ്റ് കൈമാറി. ഇതു പ്രകാരം 11.0 പൂർത്തീകരിക്കേണ്ടിയിരുന്നു. പ്രവൃത്തി സമയം മൂന്നുമാസം കൂടി ദീർഘിപ്പിച്ചു കരാറുകാരൻ 08.08.2024-ൽ അസി.എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും വയ്ക്കുകയോ സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഭാഗികമായി പൂർത്തീകരിച്ച പ്ര ബിൽ (509393 രൂപ) നൽകിയിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനം പൂർണ്ണമായി നില

പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ കരാറുകാരൻ വീഴ്ച വരുത്തുന്ന സാഹ
റദ്ദാക്കേണ്ടതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കേ
ലെ പൊതുമരാമത്ത് മാന്വലിലെ 2116.1, 2116.2 എന്നീ വകുപ്പുകളിൽ നിഷ്കർഷ
പൂർത്തീകരിക്കാനവശേഷിക്കുന്ന പ്രവൃത്തികളുടെ മുപ്പതു ശതമാനം തുക, 2116.2.1
കരാറുകാരനിൽനിന്ന് ഈടാക്കേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (12/23.10.2025) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ
കരാറുകാരനിൽനിന്ന് പിഴ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതും, മാന്വ
പ്രകാരം ടിയാളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും ലി
ഈടാക്കിയില്ല. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാര
ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാ
നൽകാവുന്നതാണ്. ഇപ്രകാരം പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാ
നൽകേണ്ടതും, കരാർ കാലാവധി നീട്ടികൊടുക്കുമ്പോൾ അനുബന്ധ കരാർ (S
വയ്ക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാ
ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റിന്റെ അടിസ്ഥ
കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കേരള പൊതുമരാമത
ഖണ്ഡിക 2116-1, ജി.ഒ.(എം.എസ്.) നം.21/2024/PWD തീയതി 02.04.2024 എന്നിവ പ്രകാരം ക
കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എ
ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള പിഴ ഈടാ
പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പൂർത്തീകരിച്ച തീയതി | കാലതാമസം (ആഴ്ചയിൽ) | ഈട ലിക ഡാ |
|---|---|---|---|---|---|
| 1 | 59/23, 140/24, 154/25 - തോട്ടപ്പുഴ കോളനി റോഡ് പുനരുദ്ധാരണം വാർഡ് -5<br>അടങ്കൽ - 1000000<br>കരാർ നം., തീയതി -26/AE/LSGD/EVPR/22-23, 09.03.2023<br>സൈറ്റ് കൈമാറിയത് -17.03.23<br>കരാർ തുക - 895232<br>കരാറുകാരൻ - ശ്രീ.ബിജോയ് കുര്യൻ അലക്സാണ്ടർ<br>കരാർ കാലാവധി - 6 മാസം<br>ചെലവ് തുക - 983200 | 16.09.2023 | 22.01.2024 | 18 | [illegible] |
| 2 | 18/24, 181/25 - പുളിക്കാവിൽ- പി ആർ ഡി എസ്സ് റോഡ് റീടാറിംഗ് വാർഡ് - 04<br>അടങ്കൽ - 1147600<br>കരാർ നം., തീയതി -12/AE/LSGD/EVPR/23-24, 02.02.2024<br>സൈറ്റ് കൈമാറിയത് -12.02.24 | 11.01.2025 | 05.03.2025 | 7 | |

| | | | | | |
|---|---|---|---|---|---|
| | കരാർ തുക - 1047330<br>കരാറുകാരൻ - ശ്രീ.ബിജു മാത്യു<br>കരാർ കാലാവധി - 11 മാസം<br>ചെലവ് തുക - 1147600 | | | | |
| 3 | 176/24, 182/25 - ഇലഞ്ഞിമൂട് പുന്നവേലിമഠം റോഡ് പുനരുദ്ധാരണം വാർഡ് 7<br>അടങ്കൽ - 415000<br>കരാർ നം., തീയതി -25/AE/LSGD/EVPR/23-24, 11.03.2024<br>സൈറ്റ് കൈമാറിയത് -21.03.24<br>കരാർ തുക - 383240<br>കരാറുകാരൻ - ശ്രീ.ബിജു മാത്യു<br>കരാർ കാലാവധി - 6 മാസം<br>ചെലവ് തുക - 415000 | 10.09.2024 | 13.12.2024 | 13 | |

കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതിന് വിശദീകരണ അസിസ്റ്റന്റ് എൻജിനീയർക്ക് ഓഡിറ്റ് എൻക്വയറി (16/25.10.2025) നൽകി. പ്രവൃത്തികൾ ന അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്ന് വിശദീകരണം വാങ്ങി ലഭ്യമാക്കുന്നതാണെന്ന് മ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - ധനസഹായം നൽകുന്നതിന്റെ കൃത്യ വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഗഡുക്കളായി ആനുകൂല്യം നൽകുമ്പോൾ കൃത്യമായ പരിശോധന നടത്താതിരു തുക നല്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു. രണ്ട് പേർക്ക് ഓരോ ഗഡു തുക വീതം അ അപാകം ശ്രദ്ധയിൽപ്പെട്ടപ്പോൾ അധികം നൽകിയ തുക തിരികെ ഈടാക്കുകയും നിർമ്മാണം ജനറൽ (19/2025) എന്ന പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ശ്രീമതി മായ രൂപയും, ശ്രീമതി ഓമന എം.എൻ.ന് 60000 രൂപയും ആണ് ഇപ്രകാരം അധികം ന നൽകിയതിനെത്തുടർന്ന് ട്രഷറി ചലാൻ മുഖേന ഇവർ തുക തിരിച്ചടച്ചു.

ആനുകൂല്യത്തിന്റെ ഓരോ ഗഡുവും അനുവദിക്കുമ്പോൾ കൃത്യമ രേഖപ്പെടുത്താതിരുന്നതാണ് അപാകം സംഭവിക്കാനിടയാക്കിയത്. ധനസഹായം ന ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പരുൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിച്ച് ഉറ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-19 കണ്ടിജന്റ് ചെലവുകൾ - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 43/2025 |
| അടങ്കൽ | 250000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | 250000 |
| ബിൽ നം./തീയതി | 24050952014300764290/ 09.10.2024 |

ആയുർവേദ ആശുപത്രിയുടെ കണ്ടിജന്റ് ചെലവുകൾക്കായി വകയിരുത്തിയ മെ നോൺ റോഡ് ഫണ്ട് രണ്ടര ലക്ഷം രൂപ പിൻവലിച്ച് ഡിസ്പെൻസറിയുടെ എച്ച്.എം.( (അക്കൗണ്ട് നം 661802010003469) നിക്ഷേപിച്ചു. മെഡിക്കൽ ഓഫീസർ ഹാജരാക്കിയ വൗച്ച തീയതിവരെയുള്ള ആകെ ചെലവ് 22901 രൂപ മാത്രമാണ്. 178502 രൂപയുടെ ചെലവുകളു മാസത്തിലാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കുള്ള തുക അനുവദിക്ക
നടപടിക്രമം ജി.ഒ.(എം.എസ്.) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 മുഖേന സർക്കാർ
ഇതുപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാ
വർഷാരംഭത്തിൽത്തന്നെ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ (ക
ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി,പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ്
പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ആവശ്യം പരിഗ
ഉത്തരവിലൂടെ എല്ലാ സ്ഥാപന മേലധികാരികൾക്കും തുക അനുവദിക്കേണ്ടതാണ്. ഇ
തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതുഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റ് /നോൺ റോഡ് മെ
എന്നിവയിൽനിന്നാണ് കണ്ടെത്തേണ്ടത്.

സെക്രട്ടറിയുടെ നിർവ്വഹണച്ചുമതലയിലായിരുന്നു പ്രോജക്ട് നടപ്പിലാക്കേണ്ടിയ
മേൽപ്പറഞ്ഞ ഉത്തരവിനു വിരുദ്ധമായി, അടുത്ത സാമ്പത്തിക വർഷം ഉണ്ടാകാനിടയ
എസ്റ്റിമേറ്റ് തയ്യാറാക്കാതെ, ഓരോ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പ്രത്യേകം പ്രോജക്ട
തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുകയുമാണുണ്ടായത്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/24-10-2025), കണ്ടിജന്റ് ചെല
പ്രോജക്ടിലെ തുക സ്ഥാപനത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റുന്നത
പ്രവർത്തനങ്ങൾ നിർബാധം നടക്കാൻ ഏറ്റവും സഹായകരമാണെന്നും ഇത്
യുക്തിസഹമായ കീഴ്‌വഴക്കം ആണെന്നും മറുപടിയായി നൽകി. ഈ മറുപടി അംഗീകര
ഫണ്ട് പിൻവലിക്കുന്നതിനും വിനിയോഗിക്കുന്നതിനും ബാധകമായ ഉത്തര
പാലിക്കാതിരുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. കൈമാറിക്കിട്ടിയ സ്ഥാപന
ചെലവുകൾ നടത്തുന്നതിനുള്ള സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 1-20 ആട്, കോഴി, എരുമ വിതരണം - പദ്ധതി നിർവ്വഹണത്തിൽ സ

ആട്, കരിങ്കോഴി, എരുമ എന്നിവ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ആറ
സർജൻ മുഖേന നടപ്പിലാക്കിയിരുന്നു. വിതരണക്കാരെ തെരഞ്ഞെടുത്തതിലും, ഗു
ഈടാക്കിയതിലും, വാങ്ങൽ, വിതരണ നടപടികളിലും സുതാര്യത ഇല്ലായിരുന്നവെ
ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയിരുത്തിയ തുക/ ചെലവ് തുക | ബിൽ നം / തീയതി |
|---|---|---|---|---|
| 04/25 | ആട് വളർത്തൽ എസ്.സി.പി | എസ്.സി.പി 512000, തനത് ഫണ്ട് 4000, ഗുണഭോക്തൃ വിഹിതം- 172000 | 688000/516000 | 2405095201450‌1 / 18-03-2025 - 2( രൂപ |
| | | | | 2405095201450‌1 / 13-03-2025 - 14 രൂപ |
| | | | | 2405095201450‌1 / 13-03-2025 -16 രൂപ |
| | | | | ചെക്ക് നം – 6861061/26-03-2 4000 രൂപ |
| 127/25 | ആട് വളർത്തൽ ടി എസ് പി വനിത | ടി.എസ്സ്.പി- 80000 | 80000/80000 | 2405095201450( / 12-08-2024 407 രൂപ |
| | | | | 2405095201450‌1 /13-02-2025 – 28 രൂപ |
| | | | | 2405095201450‌1 / 14-03-2025 – 1 രൂപ |
| 05/25 | ആട് വളർത്തൽ | പൊതുവിഭാഗം സാധാരണ വിഹിതം - 516000, തനത് ഫണ്ട് -4000, ഗുണഭോക്തൃ വിഹിതം -520000 | 1040000/520000 | 2405095201450‌1 23-03-2025 -516 രൂപ |
| | | | | ചെക്ക് നം – 6861061/26-03-2 4000 രൂപ |
| 10/25 | സുഭിക്ഷ കേരളം - കരിംകോഴി വളർത്തൽ പട്ടിക ജാതി വിഭാഗം | എസ്.സി.പി | 204000/204000 | 2405095201450‌1 /23-03-2025 -20( രൂപ |
| | | | | ചെക്ക് നം – 6861061/26-03-2 |

| | | | | |
|---|---|---|---|---|
| | | | | 4000 രൂപ |
| 138/25 | കരിങ്കോഴി വളർത്തൽ - വനിത | പൊതുവിഭാഗം സാധാരണ വിഹിതം | 192000/192000 | 2405095201450( 27-05-2024 – 74 രൂപ |
| | | | | 2405095201450( / 27-05-2024 – 9 രൂപ |
| | | | | 2405095201450( / 25-07-2024 -20 രൂപ |
| 11/25 | സുഭിക്ഷ കേരളം - കരിംകോഴി വളർത്തൽ | പൊതുവിഭാഗം സാധാരണ വിഹിതം | 204000/204000 | 24050952014501 /23-03-2025 – 8( രൂപ |
| | | | | 24050952014501 /16-03-2025 – 12 രൂപ |
| | | | | ചെക്ക് നം – 6861061/26-03-2 4000 രൂപ |
| 139/25 | എരുമക്കുട്ടി വളർത്തൽ - വനിത | പൊതുവിഭാഗം സാധാരണ വിഹിതം 140000 ഗുണഭോക്തൃ വിഹിതം 10000 | 150000/150000 | 2405095201450( 27/05/2024 – 20( രൂപ |
| | | | | 2405095201450( 27/05/2024 - 110 രൂപ |
| | | | | 24050952014501 19/03/2025 – 10( രൂപ |
| | | | | ഗുണഭോക്ത വിഹിതം 100 |

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) വിതരണ രേഖകൾ കൃത്യമല്ല**

